**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3775** **06-08-2021 - ൽ മറുപടിയ്ക്ക്**

**ഇടമലയാർ ട്രൈബൽ ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ഇടമലയാർ ട്രൈബൽ ഹോസ്റ്റൽ ക്യാമ്പിൽ ഉള്ള ആദിവാസി കുടുംബങ്ങളുടെ പുനരധിവാസത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അരേക്കാപ്പ് കോളനിയിൽ നിലവിൽ താമസിക്കുന്ന 45 കുടുംബങ്ങളിൽ 6 കുടുംബങ്ങളും, അവരുടെ ബന്ധുക്കളായ 4 കുടുംബങ്ങളും മാത്രമാണ് എറണാകുളം ജില്ലയിലെ ഇടമലയാർ ഡാമിന് സമീപം വനമേഖല കൈയ്യേറി കുടിൽ കെട്ടുന്നത് വനം വകുപ്പ് തടഞ്ഞതിനെ തുടർന്ന് താത്കാലികമായി ഇടമലയാർ പ്രീമെട്രിക് ഹോസ്റ്റലിൽ താമസിപ്പിക്കുന്നത്. ഇവർക്ക് അരേക്കാപ്പ് കോളനിയിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ച 1 ഹെക്ടർ മുതൽ 3.50 ഹെക്ടർ വരെ ഭൂമിക്ക് പകരം എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ താളംകണ്ടം - വൈശാലിമേട് എന്ന സ്ഥലത്ത് ഭൂമി നൽകണമെന്നാവശ്യപ്പെട്ടാണ് ഭൂമി കൈയ്യേറാൻ ശ്രമിച്ചത്. അരേക്കാപ്പിൽ തന്നെ താമസിക്കുന്ന ബാക്കി കുടുംബങ്ങൾക്ക് ഈ സ്ഥലം ഉപേക്ഷിച്ച് പോകുവാൻ താല്പര്യമില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ അരേക്കാപ്പ് കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾ അവിടെ നല്ല രീതിയിൽ കൃഷി ചെയ്ത് വരുമാനം ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ ഇടമലയാറിൽ താമസിക്കുന്ന കുടുംബങ്ങൾ ഉപേക്ഷിച്ച് പോയ ഭൂമിയിൽ രൂക്ഷമായ പ്രകൃതി ദുരന്തങ്ങൾ എന്തെങ്കിലും ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ടി കുടുംബങ്ങൾ ഇടമലയാറിൽ കുടിൽ കെട്ടി താമസിക്കാനുദ്ദേശിച്ച സ്ഥലം ഒറ്റപ്പെട്ടതും പൊതുഗതാഗത സൗകര്യ ങ്ങളില്ലിടത്തു നിന്നും 10 കി.മീ അധികം അകലെയുമാണ്. ഇവിടെ വന്യമൃഗശല്യം താരതമ്യേന കൂടുതലാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഈ സ്ഥലത്തേക്കാൾ താരതമ്യേന സുരക്ഷിതവും, കൃഷിയോഗ്യവുമായ സ്ഥലം അരേക്കാപ്പ് കോളനി തന്നെയാണ് |

| | | | |
|---|---|---|---|
| | | | അരേക്കാപ്പ് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിലുൾപ്പെടുത്തി പരിഹരിക്കാവുന്നതാണ്. പ്രസ്തുത കുടുംബങ്ങളെ ഇടമലയാറിൽ നിന്ന് അരേക്കാപ്പ് കോളനിയിൽ തിരികെ എത്തിക്കുന്നതിന് മൂവാറ്റുപുഴ, ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസർമാരും, റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരും ഇവരുമായി നിരന്തരം ബന്ധപ്പെട്ട് വരുന്നുണ്ട്. മൂവാറ്റുപുഴ ആർ.ഡി.ഒയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ, ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസർമാർ, കോതമംഗലം തഹസീൽദാർ, വനം, പോലീസ് ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സംഘം 22.07.2021-ന് ഇടമലയാറിൽ എത്തി ഇവരുമായി ചർച്ച ചെയ്യുകയും ഇവരുടെ ആവശ്യങ്ങൾ കേൾക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ